REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മലയാള സാഹിത്യത്തിന്റെ പ്രകാശ ഗോപുരം MT വാസുദേവൻ നായർ അന്തരിച്ചു. ഏഴ് പതിറ്റാണ്ടോളം നക്ഷത്ര ശോഭയോടെ ജ്വലിച്ച ആ ജ്ഞാനപീഠജേതാവ് ഇനിയില്ല.**
- **മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ MT-യുടെ വിയോഗത്തിൽ സംസ്ഥാന ഗവൺമെന്റ് ഇന്നും നാളെയും ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു.**
- **പ്രധാൻമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദിമുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **ലോകത്തെ നടുക്കിയ സുനാമി ദുരന്തത്തിന് ഇന്നേക്ക് രണ്ട്പതിറ്റാണ്ട്**
- **ശബരിമലയിൽ ഇന്ന് മണ്ഡലപൂജ.**

## വാർത്തകൾ വിശദമായി

മലയാള സാഹിത്യത്തിന്റെ പ്രകാശ ഗോപുരം MT വാസുദേവൻ നായർ അന്തരിച്ചു. ഏഴ് പതിറ്റാണ്ടോളം നക്ഷത്ര ശോഭയോടെ ജ്വലിച്ച ജ്ഞാനപീഠജേതാവ് ഇനിയില്ല.

ഹൃദയസ്തംഭനത്തെ തുടർന്ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലിരിക്കെ ഇന്നലെ രാത്രി പത്തുമണിയോടെ ആയിരുന്നു 91കാരനായ ആ മഹാ പ്രതിഭയുടെ അന്ത്യം. ഈ മാസം 16ന് പുലർച്ചെ ശ്വാസതടസത്തെ തുടർന്നാണ് അദ്ദേഹത്തെ ആശുപത്രിയിൽ

പ്രവേശിപ്പിച്ചത്.  തുടർന്ന് ഹൃദയാഘാതമുണ്ടായി. കഴിഞ്ഞ ദിവസങ്ങളിൽ ആരോഗ്യനിലയിൽ നേരിയ പുരോഗതി കാണിച്ചെങ്കിലും  പിന്നീട് ന്യുമോണിയ ബാധിച്ച് നില വഷളായി.

ഭൗതിക ശരീരം  രാത്രി 12 മണിയോടെ നടക്കാവിലെ സിതാര എന്ന വീട്ടിലേക്ക് കൊണ്ടുപോയി. മരണവാർത്തയറിഞ്ഞ് സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ ആശുപത്രിയിലും വസതിയിലും എത്തി. വൈകീട്ട് മാവൂർ റോഡ് ശ്മശാനത്തിലാണ്  സംസ്കാരം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

..........വോയ്സ്..........

മലയാള സാഹിത്യത്തിൽ കാലത്തിന് പകരം വെക്കാൻ കഴിയാത്ത രണ്ടക്ഷരങ്ങളാണ് MT. ഒരു കാലഘട്ടത്തിന്റേയും ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ചയുടെയും ആഖ്യാനങ്ങളാണ്  MT-യുടെ രചനകൾ.

1933 ജൂലായ് 15ന്  കൂടല്ലൂരിൽ T.നാരായണൻ നായരുടേയും അമ്മാളുഅമ്മയുടേയും മകനായി ജനിച്ച മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന MT, കുമരനെല്ലൂർ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് 1951-ൽ BSC കെമിസ്ട്രി ബിരുദം നേടി. അധ്യാപകൻ ഗ്രാമസേവകൻ, മാതൃഭൂമി ആഴ്ചപതിപ്പ് പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായ MT സാഹിത്യ-സാംസ്കാരിക മേഖലകളുടെ പെരുന്തച്ചനായി മാറുകയായിരുന്നു. ഇംഗ്ലീഷിലേക്കും മറ്റൊരുപാട് ഭാഷകളിലേക്കും അദ്ദേഹത്തിന്റെ കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്.

1948-ൽ ചിത്രകേരളം മാസികയിൽ പ്രസിദ്ധീകരിച്ച വിഷുക്കൈനീട്ടമാണ് ആദ്യ കഥ. ആദ്യമായി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ 25-ാം വയസ്സിൽ 1958-ൽ പുറത്തിറങ്ങിയ നാലുകെട്ട് ആണ്. ആദ്യ നോവലിന് തന്നെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

-----------------------------------------------

അദ്ദേഹത്തിന്റെ എഴുത്തിന്റെ വഴികളിലേക്ക് ...

......വോയ്സ്......

കാലത്തെ അതിജീവിച്ച അക്ഷര പ്രപഞ്ചമാണ് MT- യുടേത്. മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽവെളിച്ചവും, അറബിപ്പൊന്ന്, രണ്ടാമൂഴം, വാരാണസി തുടങ്ങിയ നോവലുകളും, ഇരുട്ടിന്റെ

ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, വാരിക്കുഴി, പതനം, ബന്ധനം, സ്വർഗ്ഗം തുറക്കുന്ന സമയം, നിന്റെ ഓർമ്മയ്ക്ക്, വാനപ്രസ്ഥം, എം.ടിയുടെ തിരഞ്ഞെടുത്ത കഥകൾ, ഡാർ എസ്. സലാം, രക്തം പുരണ്ട മൺതരികൾ, വെയിലും നിലാവും, കളിവീട്, വേദനയുടെ പൂക്കൾ, ഷെർലക്ക് തുടങ്ങിയ കഥാസമാഹരങ്ങളും കാലാതിവർത്തികളാണ്. ഗോപുരനടയിൽ എന്ന നാടകം, കാഥികന്റെ കല, കാഥികന്റെ പണിപ്പുര, ഹെമിംഗ്‌വേ ഒരു മുഖവുര, കണ്ണാന്തളിപ്പൂക്കളുടെ കാലം എന്നീ പ്രബന്ധങ്ങളും, ആൾക്കൂട്ടത്തിൽ തനിയെ എന്ന യാത്രാവിവരണവും മലയാളത്തിന്റെ മുതൽക്കൂട്ടുകളാണ്. സ്നേഹാദരങ്ങളോടെ, അമ്മയ്ക്ക് എന്നീ ഓർമ്മപുസ്തകങ്ങളും അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് പിറന്നു.

മലയാളത്തിലെ തിരഭാഷയുടെ സൗന്ദര്യ സങ്കൽപ്പങ്ങളുടെ വേറിട്ട വഴി അടയാളപ്പെടുത്തിയതും MT ആണ്. 54ൽ അധികം സിനിമകൾക്ക് തിരക്കഥ എഴുതി. ഏഴ് സിനിമകൾ സംവിധാനവും ചെയ്തു.

മുറപ്പെണ്ണ് എന്ന സിനിമയ്ക്ക് ആദ്യതിരക്കഥ എഴുതി. പഞ്ചാഗ്നി, നഖക്ഷതങ്ങൾ, വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ, നഗരമേ നന്ദി, നിഴലാട്ടം, ഒരു ചെറുപുഞ്ചിരി. നീലത്താമര, പഴശ്ശിരാജ തുടങ്ങിയ തിരക്കഥകൾ അദ്ദേഹത്തിന്റെ അക്ഷരങ്ങൾക്ക് അഭ്രരൂപമായി മാറി.

നിർമ്മാല്യം, കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയ അവാർഡും, ഓളവും തീരവും, ബന്ധനം, ഓപ്പോൾ, ആരൂഢം, വളർത്തുമൃഗങ്ങൾ, അനുബന്ധം, തൃഷ്ണ, ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച, അമൃതം ഗമയഃ, പെരുന്തച്ചൻ, സുകൃതം, ഒരു ചെറുപുഞ്ചിരി, തീർത്ഥാടനം എന്നിവയ്ക്ക് സംസ്ഥാന ബഹു മതികളും ലഭിച്ചു.

✪✪✪

MT തിരക്കഥയെഴുതി സംവിധാനം ചെയ്ത 'കടവ്", നിരവധി ലോക ചലച്ചിത്രോത്സവങ്ങളിൽ ബഹുമാനിതമായി. മലയാള സിനിമയ്ക്ക് നൽകിയ സംഭാവനകൾക്ക് പ്രേംനസീർ അവാർഡ് ലഭിച്ചു. മികച്ച സീരിയൽ വിഭാഗത്തിൽ നാലുകെട്ടിന് 1996-ലെ സംസ്ഥാന ടെലിവിഷൻ അവാർഡ് ലഭിച്ചു.

രണ്ടാമൂഴം വയലാർ അവാർഡും മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡും നേടി. നാലുകെട്ട്, സ്വർഗ്ഗം തുറക്കുന്ന സമയം, ഗോപുരനടയിൽ എന്നീ കൃതികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡും, കാലം എന്ന നോവലിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും, വാനപ്രസ്ഥത്തിന് ഓടക്കുഴൽ അവാർഡും ലഭിച്ചിട്ടുണ്ട്. 1996-ൽ ജ്ഞാനപീഠം പുരസ്കാരത്തിനർഹനായി. 2005-ൽ രാജ്യം പത്മഭൂഷൺ നിൽകി ആദരിച്ചു.

കാലിക്കറ്റ് സർവ്വകലാശാലയും മഹാത്മാഗാന്ധി സർവ്വകലാശാലയും 1996-ൽ ഓണററി ഡി.ലിറ്റ് ബിരുദം നല്കി ആദരിച്ചു. മാതൃഭൂമി പീരിയോഡിക്കൽസ് പത്രാധിപരായിരുന്ന MT സാഹിത്യത്തിലെ പുതുമുഖങ്ങളെ എഴുത്തുവഴിയിലേക്ക് നയിച്ചു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി എക്സിക്യൂട്ടിവ് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. നീണ്ട കാലം തുഞ്ചൻ സ്മാരക സമിതി അദ്ധ്യക്ഷനായും പ്രവർത്തിച്ചു.

✪✪✪

എഴുത്തുകാരനും പ്രഭാഷകനുമായ പ്രൊഫ. MN കാരശ്ശേരിയുടെ വാക്കുകൾ.

......വോയ്സ്......

✪✪✪

എഴുത്തുകാരൻ NP.ഹാഫിസ് മുഹമ്മദ് MT യെക്കുറിച്ച് ഓർക്കുമ്പോൾ

..........വോയ്സ്........

✪✪✪

സാഹിത്യത്തെയും സിനിമയെയും പത്ര പ്രവർത്തന ത്തെയും ഒരുപോലെ സമ്പന്നമാക്കിയ ബഹുമുഖ പ്രതിഭയായിരുന്നു ജ്ഞാനപീഠ സമ്മാനിതൻ MT വാസുദേവൻ നായരെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുസ്മരിച്ചു.

ആധുനികതയുടെ ഭാവുകത്വത്തിനു ചേർന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ച എഴുത്തുകാരനായും ആ പ്രസ്ഥാനത്തിന്റെ വക്താക്കളായ എഴുത്തുകാരെ പ്രോത്സാഹിപ്പിച്ച പത്രാധിപരായും മലയാള സാഹിത്യത്തിലെ ആധുനികതയ്ക്ക് MT നൽകിയ സംഭാവന അതുല്യമാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

മലയാള സാഹിത്യത്തെ ലോകസാഹിത്യത്തിന്റെ നെറുകയിൽ എത്തിച്ച പ്രതിഭയെയാണ് MT യുടെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. കേരളത്തിനു പൊതുവിലും മലയാള സാഹിത്യലോകത്തിന് സവിശേഷമായും നികത്താനാവാത്ത നഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

✪✪✪

മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ MT-യുടെ വിയോഗത്തിൽ സംസ്ഥാന ഗവൺമെന്റ് ഇന്നും നാളെയും ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ഇന്ന് ചേരാനിരുന്ന മന്ത്രിസഭായോഗം ഉൾപ്പെടെ എല്ലാ ഗവൺമെന്റ് പരിപാടികളും മാറ്റിവെക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി.

✪✪✪

പ്രധാൻമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദിമുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. ഏഴ് വിഭാഗങ്ങളിലായി അസാധാരണ നേട്ടങ്ങൾ കൈവരിച്ച 17 കുട്ടികളാണ് ഈ വർഷം പ്രധാനമന്ത്രിയുടെ ബാല പുരസ്കാരത്തിന് അർഹരായത്. ഭാരത് മണ്ഡപത്തിൽ പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിസംബോധന ചെയ്യും.

✪✪✪

ലോകത്തെ നടുക്കിയ സുനാമി ദുരന്തത്തിന് ഇന്നേക്ക് രണ്ട്പതിറ്റാണ്ട് പൂർത്തിയാകുന്നു. 2004 ഡിസംബർ 26-ന് ഉച്ചയോടെ ആഞ്ഞടിച്ച സുനാമി തിരമാലകൾ തകർത്ത കൊല്ലം ആലപ്പാട് കടൽത്തീരത്ത് ഇന്ന് അനുസ്മരണ പരിപാടികൾ നടത്തും.

✪✪✪

ശബരിമലയിൽ 41 ദിവസത്തെ മണ്ഡലകാല തീർത്ഥാടനത്തിന് ഇന്ന് സമാപനമാകും. ഉച്ചയ്ക്ക് 12നും 12.30 നും ഇടയിലെ മുഹൂർത്തത്തിലാണ് മണ്ഡലപൂജ.

✪✪✪

മെൽബണിൽ ഇന്ത്യ -ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ടോസ് നേടിയ ഓസ്ട്രേലിയ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഓസ്ട്രേലിയ ഒരു വിക്കറ്റ് നഷ്ടത്തിൽ 103 റൺസ് എന്ന നിലയിലാണ്.

✪✪✪